(സി) പ്രത്യേക നിർദ്ദേശം നൽകിയാലും സമരം ചെയ്യുന്ന ജീവനക്കാർ അനുവദിക്കാത്തിടത്തോളംകാലം പ്രായോഗികമാക്കുവാൻ ബുദ്ധിമുട്ടുണ്ട്.

തിരുവനന്തപുരം-കൊട്ടിയം-കടപ്പുഴ-ഭരണിക്കാവ് വഴി മലനടയ്ക്കു ഫാസ്റ്റ് പാസഞ്ചർ ബസ് സർവ്വീസ്

1102 [1750] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം–കൊട്ടിയം–കണ്ണനല്ലൂർ–കരീപ്പള്ളി–കുറ്റിച്ചിറ – കല്ലുംതാഴം – കൊല്ലം – കൊറ്റംകുളങ്ങര കടപ്പുഴ – ഭരണിക്കാവ് വഴി മലനടയ്ക്കു ഒരു ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് അനുവദിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സർവ്വീസ് ഉടനെ ആരംഭിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊല്ലത്തുനിന്നും മലനട വഴി അടൂരേയ്ക്കു ഒരു സർവ്വീസ് നിലവിലുള്ളതുകൊണ്ടും മലനടയിൽനിന്നും തിരുവനന്തപുരത്തേയ്ക്കു നിർദ്ദിഷ്ട റൂട്ടു ദൂരക്കൂടുതലുള്ളതാകയാൽ യാത്രക്കാർ കുറഞ്ഞിരിക്കുമെന്നുള്ളതുകൊണ്ടും ഈ സർവ്വീസ് ആരംഭിക്കുന്നത് കോർപ്പറേഷന് ലാഭകരമല്ല. കൂടാതെ ഈ റൂട്ട് ഒരു പൂർണ്ണ ദേശസാൽകൃത റൂട്ട് അല്ലെന്നുള്ള കാര്യവും കണക്കിലെടുക്കേണ്ടതുണ്ട്.

ചെങ്ങന്നൂർ - ശാസ്താംകോട്ട - കൊല്ലം ഫാസ്റ്റ് പാസഞ്ചർ

1103 [1751] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ - ശാസ്താംകോട്ട-കൊല്ലം ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് നിറുത്തലാക്കിയതിന്റെ കാരണമെന്താണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സർവ്വീസ് ചെങ്ങന്നൂർ–ശാസ്താംകോട്ട കൊല്ലം വഴി തിരുവനന്തപുരത്തേയ്ക്കു നീട്ടി സർവ്വീസ് ആരംഭിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് എത്രയും വേഗം ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചെങ്ങന്നൂർ–കൊല്ലം ഫാസ്റ്റ് പാസഞ്ചർ സർവ്വീസിന്റെ ഓരോ ട്രിപ്പും നിലവിൽ അംഗീകരിച്ചിട്ടുള്ള ഓരോ കിലോമീറ്ററിന് പ്രതീക്ഷിക്കുന്ന വരവിൽ കുറവാണ്. അങ്ങനെ നഷ്ടത്തിൽ ഓടിക്കൊണ്ടിരുന്നതിനാലാണ് ടി സർവ്വീസ് നിറുത്തലാക്കിയത്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചെങ്ങന്നൂരിൽ നിന്നും തിരുവനന്തപുരത്തേക്കു കൊട്ടാരക്കര വഴി രണ്ടു സർവ്വീസുകൾ നിലവിലുണ്ട്. അവ ചെങ്ങന്നൂർ തിരുവനന്തപുരം റൂട്ടിൽ 6 ട്രിപ്പുകൾ ഓടുന്നുണ്ട്. ആയതിനാൽ ചെങ്ങന്നൂരിൽ നിന്നും കൊല്ലം വഴി തിരുവനന്തപുരത്തേക്കു ഒരു സർവ്വീസിന്റെ ആവശ്യം ഇല്ല. കൂടാതെ കൊല്ലത്തിനും തിരുവനന്തപുരത്തിനും ഇടയ്ക്ക് ആവശ്യാനുസരണം സർവ്വീസുകൾ ഉള്ളതുകൊണ്ടും നഷ്ടത്തിലോടിയ ചെങ്ങന്നൂർ–കൊല്ലം ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് തിരുവനന്തപുരത്തേയ്ക്കു നീട്ടുന്നത് ഉചിതമല്ല.

ട്രാൻസ്പോർട്ട് ബസ് സ്റ്റേഷനുകളിലെ സൗകര്യങ്ങൾ

1104 [1753] ശ്രീ. കെ.രാഘവൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ട്രാൻസ്പോർട്ട് ബസ് സ്റ്റേഷനുകളിൽ കുളിമുറി, കക്കൂസ്, വിശ്രമസ്ഥലം എന്നിവയുണ്ട്.;

(ബി) ഇല്ലാത്ത സ്റ്റേഷനുകളേത്?

ഉത്തരം

(എ, ബി) എല്ലാ ഡിപ്പോകളിലും കുളിമുറി, കക്കൂസ്—വിശ്രമസ്ഥലം എന്നിവയുണ്ട്.

Free Pass for Spouses of M. L. As in K. S. R. T. Corporation Buses

1105 [1754] **Shri Stephen Padua**: Will the Minister for Transport be pleased to state:

Whether Government will consider the issue of free pass to the spouses of Members of the Legislative Assembly for travel in the Kerala State Road Transport Corporation buses?

Answer

At present there is no such proposal.

Free Pass for M. L. A.'s in Terraplane Buses.

1106 [1755] **Shri Stephen Padua**: Will the Minister for Transport be pleased to state:

Whether Government will consider the issue of free pass to Members of the Legislative Assembly for travelling in the Terraplane buses?

Answer

All kinds of free passes are prohibited in the Terraplane service. The Corporation has already decided to withdraw the Terraplane Service to Ernakulam, and the Deluxe Express service to Cannanore and Palghat and to introduce Limited Stop Express Services in their place. This will come to effect from 25.3.1979. (The Trivandrum—Palghat deluxe service will be withdrawn only on 6.5.1979). In the Limited stop Express Services, free passes to the Members of Legislative Assembly will be allowed.

LIBRARY ARCHIVES Kerala Legislative Assembly